# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 477 10.06.2014-ലെ മറുപടിക്ക്

### സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതി സന്ധി നിലവിലുണ്ടോ ; | സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. |
| (ബി) | വികസന പ്രവർത്തനങ്ങൾക്ക് പണ ലഭ്യത തടസ്സമാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട്, പുതിയ നികുതി-നികുതിയേതര വരുമാനങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, റവന്യൂ കുടിശ്ശിക പിരിച്ചെടുത്തും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |

| | | |
|---|---|---|
| (സി) | നികുതി വെട്ടിപ്പുകൾ തടയുന്ന തിനും നികുതികുടിശ്ശികകൾ പിരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | നികുതി വെട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്.കൂടാതെ ചെക്ക്പോസ്റ്റുകളിൽ ഇന്റെലിജനസ് വിഭാഗത്തിന്റെ ഓവർ ചെക്കിങ്ങും ഊർജിതപ്പെടുത്തിയിട്ടുണ്ട്. പാഴ്സൽ, കുറിയർ ഏജൻസികൾ, റെയിൽവേ, തുറമുഖം,ടൂറിസ്റ്റ് വാഹന പരിശോധനകളും കർശനമാക്കിയിട്ടുണ്ട്. പുതുതായി രൂപവല്കരിച്ച economic intelligence wing പുറം ഏജൻസികളിൽ നിന്നും സ്വീകരിക്കുന്ന രേഖകൾ ഡിലർമാരുമാരുടെ returnമായി ഒത്തുനോക്കി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. നികുതിവെട്ടിപ്പ് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിൽ തറവില സമയാസമയങ്ങളിൽ പുനർനിർണയിക്കുകയും ചെയ്യുന്നുണ്ട്. നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന പ്രധാന കേസുകൾ തിട്ടപ്പെടുത്തുകയും ആയത് എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കുന്നതിനുമായി ഗവണ്മെന്റ് പ്ലീഡർമാരുടെയും എ.ജി.യുടെയും മീറ്റിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺലൈൻ സേവനങ്ങൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ